

അഭിമുഖം

●

മൗലാനാ ജലാലുദ്ദീൻ അൻസർ ഉമരി
ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ

ജമാഅത്തെ ഇസ്‌ലാമിയുടെ ക്ഷണപ്രകാരം വിവിധ സംഘടനാ നേതൃത്വങ്ങൾ പലപ്പോഴും ഒന്നിച്ചിരുന്നിട്ടുണ്ട്. എന്നാൽ തുടർ നടപടികളുടെ അഭാവമാണ് പലപ്പോഴും ഇത്തരം സംരംഭങ്ങൾ താൽക്കാലികമായി മാറുന്നതിന് കാരണം. ഒന്നിച്ചിരിക്കുന്ന സന്ദർഭങ്ങൾ ആവർത്തിക്കപ്പെടണം, കൂടുതൽ ദൃഢമാവണം പരസ്പര ബന്ധങ്ങൾ. അതിനായി ജമാഅത്ത് പ്രത്യേകം ശ്രദ്ധ ഊന്നുന്നുണ്ട്.

# കാലം തേടുന്നത് മുസ്‌ലിം സംഘടനകളുടെ സൗഹൃദം

● *ജംഇയ്യത്തുൽ ഉലമായുടെ മുപ്പതാം ദേശീയ സമ്മേളനത്തിൽ താങ്കൾ പങ്കെടുത്തുവല്ലോ? എന്താണ് സമ്മേളനത്തെ സംബന്ധിച്ച താങ്കളുടെ പ്രതികരണം?*

ഈ സമ്മേളനത്തിലേക്ക് എന്നെയും ജമാഅത്തിന്റെ മറ്റു ചില ഭാരവാഹികളെയും ക്ഷണിച്ചിരുന്നു. ജനറൽ സെക്രട്ടറി നുസ്രത്ത് അലി, സെക്രട്ടറിമാരായ മുജ്തബാ ഫാറൂഖ്, മുഹമ്മദ് റഫീഖ് ഖാസിമി എന്നിവരോടൊപ്പം സമ്മേളന സ്ഥല

ത്തെത്തിയപ്പോൾ ഒന്നാം ദിവസം രാത്രിയിലെ സെഷൻ നടക്കുകയായിരുന്നു. സമ്മേളനത്തിലവതരിപ്പിക്കപ്പെട്ട പ്രമേയങ്ങളുടെ ചർച്ചയിൽ അവർ മൂന്ന് പേരും സംസാരിച്ചു.

പിറ്റേന്ന് രാത്രി ശൈഖുൽ ഹിന്ദ് നഗറിൽ നടന്ന പൊതുസമ്മേളനത്തെയാണ് ഞാൻ അഭിസംബോധന ചെയ്തത്. സ്വാമി അഗ്നിവേശ്, രാംദേവ് തുടങ്ങിയവരും ഗവൺമെന്റ് പ്രതിനിധികളായി ചിദംബരം, സചിൻ പൈലറ്റ്, രാജ്യസഭാ ഉപാധ്യക്ഷൻ റഹ്മാൻ ഖാൻ എന്നിവരും ആൾ ഇന്ത്യ മുസ്‌ലിം മജ്‌ലിസെ മുശാവറ, അഹ്‌ലെ ഹദീസ്, ശീഈ സംഘടനകൾ എന്നിവയുടെ പ്രതിനിധികളും പൊതുയോഗത്തിൽ സംബന്ധിച്ചിരുന്നു. ജംഇയ്യത്തുൽ ഉലമാ സമ്മേളനത്തിൽ മുമ്പും മറ്റുള്ളവർ പങ്കെടുക്കാറുണ്ടെങ്കിലും അവർക്ക് ഇത്രയധികം പ്രാതിനിധ്യമുണ്ടാകുന്നത് സ്വാതന്ത്ര്യത്തിനു ശേഷം ഇതാദ്യമായാണ്. ശ്ലാഘനീയമായ സംഗതിയാണിത്.

സച്ചാർ സമിതി റിപ്പോർട്ടിനെക്കുറിച്ചാണ് ഞാൻ സംസാരിച്ചത്. സച്ചാർ സമിതി റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ നമുക്ക് പുതിയ അറിവ് നൽകുന്നില്ല. എന്നാൽ കൃത്യമായ കണക്കുകൾ നമ്മിൽ പലർക്കും അറിഞ്ഞുകൂടായിരുന്നു. യഥാർഥത്തിൽ പട്ടിക ജാതിയേക്കാൾ മുസ്‌ലിംകൾ പിന്നാക്കമായതിന് കാരണക്കാർ ഇവിടത്തെ ഭരണാധികാരികൾ തന്നെയാണ്. സർക്കാർ കണക്ക് പ്രകാരം ഇന്ത്യയിൽ മുസ്‌ലിം ജനസംഖ്യ 14 ശതമാനം ഉണ്ടെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ശതമാനം മുസ്‌ലിംകൾ നിയമിക്കപ്പെടുന്നുവെന്ന ഒറ്റക്കാര്യം മതി സർക്കാറിന്റെ അവഗണനയുടെ ആഴം മനസ്സിലാക്കാൻ. വിദ്യാഭ്യാസവും യോഗ്യതയുമുള്ളവരില്ല എന്നായിരിക്കും അവരുടെ ന്യായം. എന്നാൽ ശാരീരിക യോഗ്യത മാത്രം മതിയായിരുന്ന കാലത്തും സേനയിലും പോലീസിലും എന്തുകൊണ്ട് നിയമനം നടത്തിയില്ല? ഇപ്പോൾ നിരവധി പേർക്ക് യോഗ്യതയുണ്ടായിട്ടും അവർ തെരുവ് തെണ്ടുന്നതിന് എന്തു ന്യായമാണ് പറയാനുള്ളത്? വിദ്യാഭ്യാസം ലഭിക്കാത്തതിന് ഉത്തരവാദി ഗവൺമെന്റു തന്നെയാണ്. മുസ്‌ലിം പ്രദേശങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ പോലും ഉണ്ടായിട്ടില്ല, സ്വാതന്ത്ര്യം ലഭിച്ച് ആറു പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും. സാമൂഹികമായി പിന്നാക്കാവസ്ഥയിൽനിന്ന് കരകേറ്റാനുള്ള യാതൊരു നടപടിയും റിപ്പോർട്ട് സമർപ്പിച്ച ശേഷവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. തികച്ചും പക്ഷപാതപരമായ നിലപാടാണ് കൈക്കൊള്ളുന്നത്.

മുസ്‌ലിംകളോട് ഞാൻ ഇത്രകൂടി പറഞ്ഞു: ഏത് പ്രതികൂലാവസ്ഥയിലും സ്വന്തം അന്തസ്സ് ഉയർത്തിപ്പിടിക്കണം. നാം ഈ വലിയ രാഷ്ട്രത്തിന്റെ അടർത്തിമാറ്റാനാവാത്ത ഭാഗമാണ്. ഒരുപാട് സമ്പത്തും വിഭവങ്ങളും നമ്മുടെ പക്കലുണ്ട്. അത് ചിലരിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അവരത് സമൂഹത്തിനു വേണ്ടി വിനിയോഗിക്കണം. നിങ്ങൾ ദക്ഷിണേന്ത്യയിലെ മുസ്‌ലിംകളെ നോക്കൂ. ഉള്ള സൗകര്യങ്ങളുപയോഗിച്ച് അവർ വിദ്യ നേടുന്നു. സ്ത്രീകളടക്കം സമൂഹത്തിന്റെ ഉയർന്ന പദവികളിലെത്തിയിരിക്കുന്നു. ഇത്ര വലിയൊരു സമൂഹം പിന്നാക്കമായി തന്നെ തുടർന്നാൽ ആ രാഷ്ട്രത്തിന് പുരോഗതിയുടെ പാതയിൽ മുന്നോട്ടു നീങ്ങാനാവില്ല.

യു.പി.എ ഗവൺമെന്റ് ഒട്ടനവധി വാഗ്ദാനങ്ങൾ നൽകിയാണ് ഭരണം തുടങ്ങിയത്. അവ പൂർത്തിയാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം. സമാ

ധാനിപ്പിക്കുന്ന വാക്കുകൾകൊണ്ട് കാര്യമില്ല.

ഞാനിത് പറയുമ്പോൾ ചിദംബരമടക്കമുള്ള ഗവൺമെന്റ് പ്രതിനിധികൾ സ്റ്റേജിലുണ്ടായിരുന്നു. അവർ എത്രമാത്രം ഗൗരവത്തിലെടുത്തുവെന്ന് എനിക്ക് പറയാനാവില്ല. സമ്മേളനത്തിൽ ആയിരക്കണക്കിന് ആളുകൾ ഒരുമിച്ചുകൂടിയിരുന്നു. അവരെ ഈ വാക്കുകൾ സ്വാധീനിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാനായി. അധ്യക്ഷത വഹിച്ച ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് ഖാരി ഉസ്മാൻ സാഹിബ് വിവിധ മുസ്‌ലിം സംഘടനാ പ്രതിനിധികൾ പങ്കെടുത്തതിന് പ്രത്യേകം നന്ദി പറഞ്ഞു.


● *മുസ്‌ലിം ഐക്യത്തിന്റെ പാതയിൽ ഒരു നാഴികക്കല്ലായിരുന്നു സമ്മേളനമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഈ ഐക്യബോധം താൽക്കാലികമായിരുന്നു എന്ന് കരുതിക്കൂടേ?*

ശരിയാണ്. ഇത്തരം നിരവധി ശ്രമങ്ങൾ പലപ്പോഴും നടന്നിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിയുടെ ക്ഷണപ്രകാരം വിവിധ സംഘടനാ നേതൃത്വങ്ങൾ പലപ്പോഴും ഒന്നിച്ചിരുന്നിട്ടുണ്ട്. എന്നാൽ തുടർ നടപടികളുടെ അഭാവമാണ് പലപ്പോഴും ഇത്തരം സംരംഭങ്ങൾ താൽക്കാലികമായി മാറുന്നതിന് കാരണം. ഇത്തരം സന്ദർഭങ്ങൾ ആവർത്തിക്കപ്പെടണം, കൂടുതൽ ദൃഢമാവണം പരസ്പര ബന്ധ

■ അർശദ് മദനി



■ മുഹമ്മദ് സാലിം ഖാസിമി



**മൗലാനാ അർശദ് മദനി ഏതെങ്കിലും പരിപാടിക്ക് ക്ഷണിച്ചാൽ ജമാഅത്ത് പ്രതിനിധികൾ സംബന്ധിക്കാറുണ്ട്. ഇക്കഴിഞ്ഞ പെരുന്നാളിന് രണ്ടു വിഭാഗവും ഒരേസമയത്താണ് ഈദ് മിലൻ സംഘടിപ്പിച്ചത്. എന്റെയും ജനറൽ സെക്രട്ടറി നുസ്രത്ത് അലിയുടെയും നേതൃത്വത്തിൽ രണ്ട് പ്രതിനിധി സംഘങ്ങൾ രണ്ട് പരിപാടികളിലും ആദ്യന്തം പങ്കെടുത്തു. എന്നാൽ രണ്ടു വിഭാഗവും യോജിക്കണമെന്നുതന്നെയാണ് ജമാഅത്തിന്റെ ആഗ്രഹവും പ്രാർഥനയും.**

ങ്ങൾ. അതിനായി ജമാഅത്ത് പ്രത്യേകം ശ്രദ്ധ ഊന്നുന്നുണ്ട്. എന്നാൽ ജംഇയ്യത്തുൽ ഉലമയുടെ ശ്രമം കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കി എന്നാണ് ഞാൻ കരുതുന്നത്.

● *ഇസ്‌ലാമിക സമൂഹവുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രമേയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. എന്നാൽ വന്ദേമാതരത്തെ സംബന്ധിച്ച പ്രമേയമാണ് മാധ്യമങ്ങളിലും രാഷ്ട്രീയ കേന്ദ്രങ്ങളിലും ഏറെ ചർച്ച ചെയ്യപ്പെട്ടത്. ശ്രദ്ധേയമായ നിരവധി കാര്യങ്ങളുണ്ടായിരിക്കെ ഇത് അനവസരത്തിലായില്ലേ?*

എന്നു പറഞ്ഞുകൂടാ. ഇത് ഇപ്പോഴും പ്രസക്തമായ സംഗതി തന്നെ. ഗവൺമെന്റ് പരിപാടികളിലും സ്കൂളുകളിലും ഇന്നും വന്ദേമാതരം ആലപിക്കപ്പെടുന്നു. പ്രൈവറ്റ് സ്കൂളുകളിൽ മുസ്‌ലിം കുട്ടികൾ വന്ദേമാതരം ചൊല്ലാൻ നിർബന്ധിക്കപ്പെടുന്നു. സമ്മേളനത്തിന്റെ തലേന്ന് സഹാറൻപൂരിൽ എന്റെ വാർത്താസമ്മേളനത്തിൽ നിരവധി മുസ്‌ലിം, അമുസ്‌ലിം മാധ്യമ പ്രവർത്തകർ പങ്കെടുത്തിരുന്നു. അവിടെയും വന്ദേമാതരത്തിൽ താങ്കളുടെ നിലപാടെന്താണെന്ന് ചോദ്യം ഉന്നയിക്കപ്പെടുകയുണ്ടായി. ഏതെങ്കിലുമൊരു മതവിഭാഗം തങ്ങളുടെ വിശ്വാസത്തിനെതിരാണെന്ന് പറയുന്ന ഒരു കാര്യം നിർബന്ധിച്ച് ചെയ്യാൻ കൽപിക്കുന്നത് മതേതര ജനാധിപത്യത്തിന് എതിരാണ്. അത് ആലപിക്കൽ നിർബന്ധമില്ലെന്ന് കോടതി വ്യക്തമാക്കിയിട്ടുള്ളതുമാണ്. എന്നിട്ടും ഇക്കാര്യത്തിൽ ഇങ്ങനെ നിർബന്ധിക്കേണ്ട കാര്യമെന്തുണ്ട്?

വന്ദേമാതരം മുസ്‌ലിം വിശ്വാസത്തിനെതിരാണെന്ന വാദം തെറ്റാണെന്ന് സമർഥിക്കാൻ അവർ ആദ്യം വേണ്ടത് മുസ്‌ലിം വിശ്വാസ കാര്യങ്ങൾ പഠിക്കുകയാണ്. എന്നിട്ട് പറയട്ടെ, അത് ഇസ്‌ലാമിന് വിരുദ്ധമോ അല്ലേ എന്ന്.

ഇനി വിമർശനത്തിന്റെ കാര്യം. ഇങ്ങനെയൊരു പ്രമേയം ഇല്ലാതിരുന്നെങ്കിൽ പോലും ഇപ്പോഴത്തെ വിമർശകർ വെറുതെയിരിക്കുമായിരുന്നില്ല. ഏറെ നാളായി ദയൂബന്ദ് സ്ഥാപനത്തെയും പ്രസ്ഥാനത്തെയും മോശമായി ചിത്രീകരിക്കാനുള്ള ആസൂത്രിതമായ ശ്രമം നടക്കുന്നു. അതുകൊണ്ടുതന്നെ ഈ പ്രശ്നം എടുത്തിട്ടത് ശരിയായില്ല എന്ന നിലപാടിനോട് യോജിക്കാനാവില്ല.

ഒടുവിലായി എനിക്ക് ചോദിക്കാനുള്ളത് ഇതാണ്: നിങ്ങളാരാണ് ഈ പാട്ടു പാടിയില്ലെങ്കിൽ ദേശസ്നേഹിയാവില്ലെന്ന് പറയാൻ? ദേശസ്നേഹത്തിന്റെ മാനദണ്ഡമാണോ ഇത്? ഈയൊരു സർട്ടിഫിക്കറ്റ് തരാൻ നിങ്ങളാരാണ്? ഈ ഗാനം എഴുതപ്പെടുന്നതിനും എത്രയോ മുമ്പ് ഇവിടെ മുസ്‌ലിംകൾ ഉണ്ട്. അവരാരും ദേശസ്നേഹികളായിരുന്നില്ലേ? ഇനി ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസമായ ഏകദൈവത്വത്തിന്റെ മുദ്രാവാക്യം നിങ്ങൾ ഉരുവിടണമെന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങളത് സ്വീകരിക്കുമോ? ഒരു വിഭാഗം സർട്ടിഫൈ ചെയ്യുന്നവർ മാത്രം ദേശസ്നേഹികൾ, മറ്റുള്ളവരൊക്കെ ദേശവിരുദ്ധർ-ഈ ധാർഷ്ട്യം ശരിയല്ല. ദയൂബന്ദിനെതിരെ മാത്രമല്ല, ഇന്ത്യയിലെ മദ്റസകളെ ദേശവിരുദ്ധ കേന്ദ്രങ്ങളായി ചാപ്പയടിക്കാനുള്ള ആസൂത്രിത ഗൂഢാലോചനയുടെ ഭാഗമാണിതും.

● *ജംഇയത്തുൽ ഉലമായിൽ ഒരു പിളർപ്പുണ്ടായ സന്ദർഭത്തിലാണല്ലോ മുപ്പതാം സമ്മേളനം നടന്നത്. ഒരു വിഭാഗം അതിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്തു. സാമുദായിക ഐക്യം ഏറ്റവും ആവശ്യമുള്ള ഈ സന്ദർഭത്തിൽ അവരുടെ യോജിപ്പിന് എന്തെങ്കിലും നിർദേശങ്ങളുണ്ടോ?*

**നമുക്ക് യോജിക്കാവുന്ന പോയിന്റുകൾ കണ്ടെത്തുകയാണ് വേണ്ടത്. പരിഹരിക്കാനാവാത്ത അഭിപ്രായ വ്യത്യാസങ്ങൾ ആരുമായും നമുക്കില്ല. രാജ്യത്തിന്റെയും ലോകത്തിന്റെയും ഇന്നത്തെ അവസ്ഥ മനസ്സിലാക്കുമ്പോൾ ഐക്യം മുമ്പെന്നത്തേക്കാളും അനിവാര്യമായ ഒരു സന്ദർഭമാണിത്. നാം പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കണം. ദൈവിക ദീനിന്റെ മഹത്വവും പ്രാധാന്യവും മറ്റുള്ളവർക്ക് ഗ്രഹിക്കാനുതകും വിധം നാം ഒരുമിച്ചു പ്രവർത്തിക്കേണ്ട സമയമാണിത്.**



■ മഹ്മൂദ് മദനി



■ ഖാരി ഉസ്മാൻ

മൗലാനാ അസ്അദ് മദനിയുടെ നിര്യാണ ശേഷം ജംഇയ്യത്തിലുണ്ടായ പിളർപ്പ് അങ്ങേയറ്റം വേദനാജനകമാണ്. സമുദായത്തിൽ അതേറെ ദോഷം ചെയ്യുമെന്ന് ജമാഅത്ത് മനസ്സിലാക്കുന്നു.

അനൈക്യം വളരുകയും അതിന്റെ അലയൊലികൾ പുറത്തേക്ക് വരികയും ചെയ്ത ആദ്യ സന്ദർഭത്തിൽതന്നെ ഞാനും സഹപ്രവർത്തകരും ദയൂബന്ദിൽ പോയിരുന്നു. ദാറുൽ ഉലൂമിന്റെ പ്രിൻസിപ്പൽ മൗലാനാ മഹ്ബൂബുർറഹ്മാൻ സാഹിബ് അങ്ങേയറ്റം ആദരവോടും സ്നേഹത്തോടും സന്തോഷത്തോടും കൂടിയാണ് ഞങ്ങളെ സ്വീകരിച്ചത്.

താങ്കൾ ഈ പിളർപ്പ് ഒഴിവാക്കാൻ ശ്രമിക്കണമെന്നും രണ്ടു വിഭാഗവും താങ്കളെ ആദരിക്കുന്നതിനാൽ താങ്കളുടെ വാക്കുകൾ സ്വീകരിക്കുമെന്നും ഞങ്ങൾ പറഞ്ഞു. ഇതിന് ജമാഅത്തിന്റെ എല്ലാവിധ സഹായ സഹകരണവും വാഗ്ദാനം ചെയ്തു. ആവശ്യമെങ്കിൽ മറ്റു സംഘടനകളുടെ പ്രതിനിധികളെ കൂടിഉൾപ്പെടുത്തി അനുരഞ്ജന സമിതി ഉണ്ടാക്കാമെന്ന് പറഞ്ഞു. ഈ പിളർപ്പ് സംഘടനയെ മാത്രമല്ല, മുസ്‌ലിം സമുദായത്തെയും രാഷ്ട്രത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് ഉണർത്തി.

രണ്ടു വിഭാഗത്തിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഞാൻ അനുരഞ്ജന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും അതിനായി അവരുടെ ശ്രമം തുടരുന്നുവെന്നും

അദ്ദേഹം പറഞ്ഞു. ജമാഅത്തിന്റെ ആത്മാർഥമായ സഹകരണത്തിന് നന്ദി രേഖപ്പെടുത്തിയ മൗലാനാ ഇപ്പോൾ ജമാഅത്ത് നേതൃത്വം മാത്രം ഇടപെട്ടാൽ മതിയെന്നും മറ്റു സംഘടനകളെ ഉൾപ്പെടുത്തേണ്ടെന്നും കൂട്ടിച്ചേർത്തു.

എന്നാൽ ഞങ്ങൾ അതിനുള്ള ശ്രമം തുടങ്ങുന്നതിന് മുമ്പേ, മേൽപറഞ്ഞ കമ്മിറ്റി രണ്ടു വിഭാഗങ്ങളെയും കണ്ട് തങ്ങളുടെ നിർദേശം സമർപ്പിച്ചു. ഒരു വിഭാഗം അതംഗീകരിച്ചെങ്കിലും മറു വിഭാഗം തങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നതിനാൽ അനുരഞ്ജനം നടന്നില്ല. എന്നു മാത്രമല്ല പ്രശ്നം കോടതിയിൽ എത്തുകയും ചെയ്തു.

കോടതി സയ്യിദ് മഹ്മൂദ് മദനിക്കനുകൂലമായി വിധിയെഴുതി. പ്രവർത്തകർ ഭൂരിഭാഗവും അദ്ദേഹത്തിനൊപ്പം നിന്നു. ഇനി ജമാഅത്തിന് ഒന്നും ചെയ്യാനില്ലെന്ന് ശൂറ വിലയിരുത്തി. എന്നാൽ രണ്ട് വിഭാഗത്തോടും നല്ല ബന്ധം സ്ഥാപിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. രണ്ട് കൂട്ടരുടെയും ക്ഷണം സ്വീകരിക്കാൻ ഒരുക്കമാണ്. ഒരു വർഷം മുമ്പ് സയ്യിദ് മഹ്മൂദ് മദനി തന്റെ യുവ കേഡറുകളെ ഹൈദരാബാദിൽ വിളിച്ചു ചേർത്തപ്പോൾ എന്നെ ക്ഷണിച്ചു. 4000 കേഡർമാരുടെ സമ്മേളനത്തിൽ എന്റെ സാന്നിധ്യം ഗുണകരമാവുമോ എന്ന ആശങ്ക പ്രകടിപ്പിച്ചപ്പോൾ താങ്കളുടെ ഉപദേശം ഞങ്ങൾക്കാവശ്യമുണ്ടെന്നായിരുന്നു മറുപടി.

ഞാൻ ചെന്ന് അരമണിക്കൂറോളം സംസാരിച്ചു. അവർക്കത് ഏറെ ഇഷ്ടമായി. ഞാൻ പറഞ്ഞു: ജംഇയ്യത്തിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾ മുസ്‌ലിംകളുടെ രാഷ്ട്രീയവും ഭരണപരവുമായ കാര്യങ്ങളിൽ ശ്രദ്ധയൂന്നിയിട്ടുണ്ടെങ്കിലും അവരുടെ മതപരവും ധാർമികവുമായ ശിക്ഷണത്തിൽ ശ്രദ്ധിച്ചിട്ടില്ല. ഇതൊരു മതേതര ജനാധിപത്യ രാഷ്ട്രമാണെന്നിരിക്കെ, അവർക്ക് ഭരണകൂടത്തിൽനിന്ന് പലതും നേടിയെടുക്കാനുണ്ടെങ്കിലും സംസ്കരണ വശം പൂർണമായി അവഗണിക്കുന്നത് ശരിയല്ല. അതിനുള്ള ശ്രമങ്ങളും തുടങ്ങണം.

അവസാന ദിവസം പൊതുസമ്മേളനമായിരുന്നു. അതിൽ മുഖ്യമന്ത്രി രാജശേഖര റെഡ്ഡി പങ്കെടുത്തു. മൗലാനാ മഹ്മൂദ് മദനിയുടെ നിർബന്ധത്തിന് വഴങ്ങി അതിലും ഞാൻ പങ്കെടുത്തു സംസാരിച്ചു.

അപ്രകാരം മൗലാനാ അർശദ് മദനി ഏതെങ്കിലും പരിപാടിക്ക് ക്ഷണിച്ചാൽ ജമാഅത്ത് പ്രതിനിധികൾ സംബന്ധിക്കാറുണ്ട്. താടിവെക്കുന്നതുമായി ബന്ധപ്പെട്ട ഒരു പരിപാടിക്ക് ക്ഷണിച്ചപ്പോൾ ഞാൻ തന്നെയാണ് പങ്കെടുത്തത്. ഇക്കഴിഞ്ഞ പെരുന്നാളിന് രണ്ടു വിഭാഗവും ഒരേസമയത്താണ് ഈദ് മിലൻ സംഘടിപ്പിച്ചത്. എന്റെയും ജനറൽ സെക്രട്ടറി നുസ്രത്ത് അലിയുടെയും നേതൃത്വത്തിൽ രണ്ട് പ്രതിനിധി സംഘങ്ങൾ രണ്ട് പരിപാടികളിലും ആദ്യന്തം പങ്കെടുത്തു. എന്നാൽ രണ്ടു വിഭാഗവും യോജിക്കണമെന്നുതന്നെയാണ് ജമാഅത്തിന്റെ ആഗ്രഹവും പ്രാർഥനയും.

● *ദയൂബന്ദിൽ മൗലാനാ മുഹമ്മദ് സാലിം ഖാസിമിയെ സന്ദർശിച്ചല്ലോ-എന്തായിരുന്നു സംഭാഷണ വിഷയം?*

ഞങ്ങൾ വളരെക്കാലം മുമ്പേ ബന്ധപ്പെടുന്നവരാണ്. സുഖമില്ലെന്നറിഞ്ഞപ്പോൾ സന്ദർശിക്കാമെന്ന് വെച്ചു. പലതിനെപ്പറ്റിയും സംസാരിച്ചു. ദാറുൽ ഉലൂം വഖ്ഫിനെപ്പറ്റിയാണ് ആദ്യം പറഞ്ഞത്. നേരത്തെ അസ്അദ് മദനിയുമായുണ്ടായ അഭിപ്രായ വ്യത്യാസത്തിനൊടുവിൽ മൗലാനാ ഖാരി ത്വയ്യിബ് സാഹിബ് മറ്റൊരു സ്ഥാപനമുണ്ടാക്കിയിരുന്നു. ഒടുവിൽ അസ്അദ് മദനി അനുരഞ്ജനത്തിന് വന്നു.

രണ്ടു കൂട്ടരും ഒന്നിച്ചിരുന്നു. ജംഇയ്യത്തുൽ ഉലമായുടെ സമ്മേളനം നടന്നു. എല്ലാം ഭംഗിയായി കലാശിച്ചു. ഇക്കാര്യം വിവരിക്കവെ, ആരോ മുശാവറയിലെ ഭിന്നിപ്പിനെക്കുറിച്ച് പറഞ്ഞു. അതിന് മറുപടിയായി മൗലാനാ സാലിം സാഹിബ് 'ആദ്യം ഉപാധികളൊന്നും വെക്കാതെ നേരിട്ടു സംസാരിച്ചാൽ എല്ലാ ഭിന്നതകളും തീരും' എന്ന് പറഞ്ഞു. അക്കാര്യത്തിൽ മുശാവറ പ്രസിഡന്റ് സഫറുൽ ഇസ്‌ലാം ഖാൻ സാഹിബുമായി ഞാൻ സംസാരിക്കാമെന്നേറ്റു. അപ്പോൾ ജമാഅത്തെ ഇസ്‌ലാമിക്ക് ഇക്കാര്യത്തിൽ സുപ്രധാനമായ റോളുണ്ടെന്ന് മൗലാനാ ഹമീദുസമാൻ കീറാനവിയും മറ്റു പലരും അഭിപ്രായപ്പെട്ടു. ഒപ്പം ജമാഅത്തുമായുള്ള അഭിപ്രായ വ്യത്യാസങ്ങളും ചർച്ച ചെയ്യാമെന്ന് പറഞ്ഞു.

ചിലർ മൗലാനാ മൗദൂദിയുടെ ചിന്തകളോടുള്ള എതിർപ്പ് പ്രകടിപ്പിച്ചപ്പോൾ ഞാൻ വിശദീകരിച്ചു: 'ഒരു ചിന്തകനും പണ്ഡിതനുമെന്ന നിലക്ക് ഒട്ടേറെ കാര്യങ്ങളിൽ തന്റേതായ വീക്ഷണങ്ങളവതരിപ്പിച്ചിട്ടുണ്ട് മൗലാനാ മൗദൂദി. അവയോട് ആർക്കും യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ജമാഅത്തിലെ പണ്ഡിതന്മാർപോലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോട് വിയോജിച്ചിട്ടുണ്ട്. അത് ശരിയായില്ലെന്ന് ജമാഅത്തിന് അഭിപ്രായമില്ലതാനും. താടി വെക്കുന്നതുമായി ബന്ധപ്പെട്ട് മൗദൂദി സാഹിബിന്റെ അഭിപ്രായത്തോട് സയ്യിദ് ഉറൂജ് ഖാദിരിയുടെ വിയോജിപ്പ് ഉദാഹരണം. മൗലാനക്ക് നീണ്ട താടി ഉണ്ടായിരുന്നെങ്കിലും, താടിക്ക് ഒരു പിടി നീളം വേണമെന്ന അബ്ദുല്ലാഹിബ്നു ഉമറിന്റെ വാക്കുകൾ സ്വഹാബിയുടെ വചനമായി കണ്ടാൽ മതിയെന്നും പ്രവാചക നിർദേശമല്ലെന്നുമായിരുന്നു മൗലാനാ മൗദൂദിയുടെ വീക്ഷണം. ഇതിന് വിപരീതമായി ഉറൂജ് ഖാദിരി അഭിപ്രായം പ്രകടിപ്പിച്ചപ്പോൾ ജമാഅത്തിന്റെ ഈ സുതാര്യ നിലപാടിനെ അബ്ദുൽ മാജിദ് ദരിയാബാദി *സിദ്ഖെ ജദീദ്* വാരികയിൽ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി.

ഇതൊക്കെയാണ് കാര്യമെങ്കിൽ അമ്പത്-അറുപത് വർഷങ്ങൾ മുമ്പുണ്ടായിരുന്ന അഭിപ്രായാന്തരങ്ങളും മറ്റും 2009-ൽ ജീവിക്കുന്ന നാമെന്തിന് ചർച്ച ചെയ്യുന്നുവെന്നാണ് എനിക്ക് മനസ്സിലാവാത്തത്. നമുക്ക് യോജിക്കാവുന്ന പോയിന്റുകൾ കണ്ടെത്തുകയാണ് വേണ്ടത്. പരിഹരിക്കാനാവാത്ത അഭിപ്രായ വ്യത്യാസങ്ങൾ ആരുമായും നമുക്കില്ല. രാജ്യത്തിന്റെയും ലോകത്തിന്റെയും ഇന്നത്തെ അവസ്ഥ മനസ്സിലാക്കുമ്പോൾ ഐക്യം മുമ്പെന്നത്തേക്കാളും അനിവാര്യമായ ഒരു സന്ദർഭമാണിത്. നാം പരസ്പരം മനസ്സിലാക്കാൻ ശ്രമിക്കണം. ദൈവിക ദീനിന്റെ മഹത്വവും പ്രാധാന്യവും മറ്റുള്ളവർക്ക് ഗ്രഹിക്കാനുതകും വിധം നാം ഒരുമിച്ചു പ്രവർത്തിക്കേണ്ട സമയമാണിത്. ■

(*ദഅ്‌വത്ത്* ത്രൈദിനത്തിനു വേണ്ടി പർവാസ് റഹ്‌മാനി, അഖീദതുല്ലാ ഖാസിമി എന്നിവർ നടത്തിയ അഭിമുഖം- 2009 നവംബർ 25)

**വിവ: അബ്ദുർറഹ്‌മാൻ കൊടിയത്തൂർ**